**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി കുസാറ്റിൽ വച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ വിദേശ രാജ്യങ്ങളിൽ നിന്നും പങ്കെടുത്ത പ്രതിനിധികളുടെ പേരും ഔദ്യോഗിക പദവിയും വെളിപ്പെടുത്താമോ; | (എ) | **2025 ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ പങ്കെടുത്ത വിദേശ പ്രതിനിധികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**<br><br>**ബോസ്റ്റൺ കോളേജ് സെന്റർ ഫോർ ഇന്റർനാഷണൽ ഹയർ എജ്യൂക്കേഷനിലെ സ്ഥാപക ഡയറക്ടർ പ്രൊഫ. ഫിലിപ്പ് ആൾട്ബാക്, ലങ്കാസ്റ്റർ സർവ്വകലാശാലയിലെ പ്രൊഫ. ഡോൺ പാസി, ഡോ. ശ്രീറാം രാമകൃഷ്ണ (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ), ഡോ. സാബു പദ്മദാസ് (സൗത്താംപ്ടൺ സർവ്വകലാശാല), ഡോ. സക്കറിയ മാത്യു (മിഷിഗൺ ഫ്ളിന്റ് സർവ്വകലാശാല), ഡോ.മഹ്മൂദ് കുരിയ (എഡിൻബറ യൂണിവേഴ്സിറ്റി), സ്റ്റീഫൻ വിൻസെന്റ്-ലാൻക്രിൻ (ഒഇസിഡി പാരീസ്), ഡോ. നീന ആർനോൾഡ് (ഗ്ലോബൽ ലീഡ് ടേർഷ്യറി എജ്യൂക്കേഷൻ, ഐബിആർഡി), പ്രൊഫ. ജിൻ ജോസ് (യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ്, യു.കെ), ഡോ. ഡെനീസ് നിക്കോളോവ് (ഐബിആർഡി) എന്നീ വിദഗ്ധർ കോൺക്ലേവിൽ പങ്കെടുത്തു. ടാൻസാനിയയിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസ പ്രതിനിധി സംഘം പ്രൊഫ. പീറ്റർ എംസോഫേ (ഡയറക്ടർ ഓഫ് ഹയർ എഡ്യൂക്കേഷൻ), പ്രൊഫ. ലാഡിസ്ലോസ് മയോണേണ (ഡയറക്ടർ ഓഫ് സയൻസ് ആന്റ് ടെക്നോളജി), പ്രൊഫ. ചാൾസ് കിഹാംബ (എക്സിക്യൂട്ടീവ് സെക്രട്ടറി, റ്റി.സി.യു), പ്രൊഫ. ജോയൽ എംറ്റബേ (സിവിസിപിറ്റി പ്രതിനിധി), മിസ് കഡോൾ കിലുഗല** |

| | | | |
|---|---|---|---|
| | | | **(ഹയർ എഡ്യൂക്കേഷൻ) എന്നിവരും കോൺക്ലേവിൽ സംബന്ധിച്ചു.** |
| (ബി) | പ്രസ്തുത കോൺക്ലേവിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | **ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം മാറ്റങ്ങളിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ നിലവിലെ വെല്ലുവിളികളും സാധ്യതകളും ഈ കോൺക്ലേവ് പരിശോധിച്ചു. ഉന്നത വിദ്യാഭ്യാസത്തിൽ നിർമിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണമികവ്, സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നത വിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാഡമിക് ലൈബ്രറികൾ, ഗവേഷണ ഫലങ്ങളും നയരൂപീകരണവും, ഗ്രാജ്വേറ്റ് ട്രാക്കിങ് സിസ്റ്റം, ചരിത്രാന്വേഷണത്തിന്റെ ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാഡമിയ പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ച ചെയ്തു. ഗവേഷണമികവ് വളർത്തൽ, അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കാൻ നവീന മാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ, ആഗോള ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറുന്നതിന് സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു. വ്യവസായ, വിദ്യാഭ്യാസ സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ I ചർച്ചകൾ, മികച്ച ഗവേഷണ വിദ്യകളും സാങ്കേതിക വിദ്യകളും ഉപയുക്തമാക്കി തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും വിപുലമായ പര്യവേഷണങ്ങൾ കോൺക്ലേവിന്റെ ഭാഗമായിരുന്നു.** |
| (സി) | കോൺക്ലേവിന്റെ നടത്തിപ്പിനും ചെലവുകൾക്കുമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | **കോൺക്ലേവിന്റെ നടത്തിപ്പിനായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല.** |
| (ഡി) | കോൺക്ലേവിനനുബന്ധമായി ഏതെല്ലാം സ്ഥാപനങ്ങളുടെ സ്റ്റാളുകൾ സജ്ജീകരിച്ചുവെന്ന് | (ഡി) | അന്താരാഷ്ട്ര കോൺക്ലേവിൽ സ്റ്റാളുകൾ സജ്ജീകരിച്ചിരുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു. |
| (ഇ) | കോൺക്ളേവിൽ ക്ഷണിക്കപ്പെട്ട വി.സി.മാരും മുൻ വി.സി.മാരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല വി.സി. മാരെയും കോൺക്ലേവ്/പ്രീകോൺക്ലേവ് സെഷനുകളിലേയ്ക്കും കോൺക്ലേവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച എക്സിബിഷനിലേയ്ക്കും ക്ഷണിച്ചിരിക്കുന്നു. പാനൽ ചർച്ചകളിൽ മുൻ വിസിമാരെയും ക്ഷണിച്ചിരുന്നു. |
| (എഫ്) | കോൺക്ളേവിന്റെ വിവിധ സെഷനുകളിൽ സംബന്ധിക്കുന്നതിന് ക്ഷണിക്കപ്പെട്ട സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വി.സി.മാരിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി വി.സി.യെ ഒഴിവാക്കിയിരുന്നോ എന്ന വിവരം അറിയിക്കുമോ; എങ്കിൽ ഒഴിവാക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (എഫ്) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല വി.സി. മാരെയും കോൺക്ലേവ്/പ്രീകോൺക്ലേവ് സെഷനുകളിലേയ്ക്കും കോൺക്ലേവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച എക്സിബിഷനിലേയ്ക്കും ക്ഷണിച്ചിരിക്കുന്നു. പാനൽ ചർച്ചകളിൽ മുൻ വിസിമാരെയും ക്ഷണിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| അന്താരാഷ്ട്ര കോൺക്ലേവിൽ സ്റ്റാളുകൾ സജ്ജീകരിച്ചിരുന്ന സ്ഥാപനങ്ങൾ | |
|---|---|
| 1 | The Kerala State Higher Education Council |
| 2 | EQUAL OPPORTUNITY CELL & SKILL ORIENTATION CENTRE FOR ENGINEERING, CUSAT |
| 3 | National Centre for Aquatic Animal Health, CUSAT |
| 4 | Centre for Innovation Technology Transfer and Industrial Collaboration, CUSAT |
| 5 | School of Marine Sciences, CUSAT |
| 6 | IQAC, CUSAT |
| 7 | M.A. College of Engineering, Kothamangalam |
| 8 | Mahatma Gandhi University, Kottayam |
| 9 | University of Kerala |
| 10 | Kannur University |
| 11 | College of Engineering, Trivandrum |
| 12 | Kerala Agricultural University |
| 13 | APJ Abdul Kalam Technological University |
| 14 | Kerala University of Fisheries and Ocean Studies |
| 15 | Geojith Financial Services Ltd. |
| 16 | Sahrdaya College of Engineering and Technology |
| 17 | Punjab National Bank |
| 18 | T.K.M. College of Engineering Kollam |
| 19 | CUSAT Neuro Science Centre |
| 20 | KELTRON |
| 21 | Govt. Engineering College, Trissur |
| 22 | LBS College of Engineering, Kasaragod |
| 23 | LBS Institute of Technology for Women |
| 24 | Mar Ivanios College, Thiruvananthapuram |
| 25 | Bank of Baroda |
| 26 | Centre for Professional and Advanced Studies (CPAS) |
| 27 | Additional Skill Acquisition Programme, Kerala |
| 28 | Kerala University of Digital Sciences, Innovation and Technology |
| 29 | Sree Sankaracharya University of Sanskrit |
| 30 | Sreennarayanaguru Open University |
| 31 | State Bank of India |
| 32 | Federal Bank Ltd. |
| 33 | Kotak Mahindra Bank |
| 34 | University of Calicut |

സെക്ഷൻ ഓഫീസർ